# KERALA POLICE INFORMATION CENTRE

Ph: 0471 2318188     Email: *info.pol@kerala.gov.in*


No.90/PR/PIC/PHQ/18     Date : 16.04.2018

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് സംസ്ഥാന സമ്മർ ക്യാമ്പ് 18 മുതൽ തിരുവനന്തപുരത്ത്

കേരള പോലീസും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ആവിഷ്കരിച്ചിട്ടുള്ള സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായിട്ടുള്ള സംസ്ഥാന സമ്മർ ക്യാമ്പ് 2018 ഏപ്രിൽ 18 മുതൽ 24 വരെ തിരുവനന്തപുരം നാലാഞ്ചിറ സർവ്വോദയ വിദ്യാലയ ക്യാമ്പസിൽ നടക്കും. സംസ്ഥാനത്ത് ഇപ്പോൾ എസ്.പി.സി. സംവിധാനം നിലവിലുള്ള 574 സ്കൂളുകളിൽ നിന്നും തിരഞ്ഞെടുത്ത 600 കേഡറ്റുകളും 200 ഔദ്യോഗിക ചുമതലക്കാരും പങ്കെടുക്കും. ക്യാമ്പിൽ ഗവർണ്ണർ ജസ്റ്റിസ് (റിട്ടയേർഡ്) പി. സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ വിവിധ വകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ, മറ്റു സംസ്ഥാന പ്രതിനിധികൾ, കലാ സാംസ്കാരിക ശാസ്ത്ര പ്രതിഭകൾ തുടങ്ങിയവർ കേഡറ്റുകളുമായി സംവദിക്കും. ഏഴു ദിവസത്തെ സമ്മർ ക്യാമ്പിൽ കേഡറ്റുകൾക്ക് ഡ്രിൽ ഇൻസ്ട്രക്ടർമാരുടെ നേതൃത്വത്തിൽ, പരേഡ്, കായികാഭ്യാസം, യോഗ, കളരി, തുടങ്ങിയവയിൽ വിദഗ്ധ പരിശീലനവും നൽകും. ഫീൽഡ് വിസിറ്റ്, മോഡൽ അസംബ്ളി, കലാ സാംസ്കാരിക പരിപാടികൾ തുടങ്ങിയവയും സംഘടിപ്പിച്ചിട്ടുണ്ട്.

ആഭ്യന്തരം, വിദ്യാഭ്യാസ വകുപ്പുകൾ എന്നിവയുടെ സംയുക്താടിസ്ഥാനത്തിൽ ഗതാഗതം, വനം, ഫയർ ആന്റ് റെസ്ക്യൂ, കായിക-യുവജനക്ഷേമം, തദ്ദേശ ഭരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി രാജ്യത്തിനു തന്നെ മാതൃകയായ ഒന്നാണ്. ജില്ലാ തലങ്ങളിൽ എസ്.പി.സി യുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പുകളുടെത്തുടർന്നാണ് സംസ്ഥാന സംഗമം സംഘടിപ്പിച്ചിട്ടുള്ളത്.

*******